KERALA MUSEUM
JANAL Digital Archives

# ലീലാതിലകവും തദ്ദേശീയതയും

**വിഷ്ണു ഇ. എസ്.**

---

**സംഗ്രഹം**- തദ്ദേശീയഭാഷകളുടെ നിലനില്പിനുവേണ്ടിയുള്ള പ്രതിരോധത്തിൻറെ ചരിത്രത്തിന് വലിയ പഴക്കമുണ്ട്. പലകാലങ്ങളിൽ അത്തരം പ്രതിരോധങ്ങൾ ഇന്ത്യയിൽ സംഭവിച്ചു. മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരങ്ങൾ ഇന്നും ഇന്ത്യയിൽ സാധാരണമാണ്. അത്തരം പ്രതിരോധങ്ങളുടെ മധ്യകാല ഉദാഹരണമായി ലീലാതിലകമെന്ന ലക്ഷണശാസ്ത്ര ഗ്രന്ഥത്തെ പല പഠിതാക്കളും നിരീക്ഷിക്കുന്നു. ഈ ചിന്തകളിലൂന്നി ഭാഷയുടെ സ്വത്വം മധ്യകാല ചരിത്രത്തിൽ രേഖപ്പെടുത്തുന്നതിൽ ലീലാതിലകമെന്ന ലക്ഷണശാസ്ത്രഗ്രന്ഥത്തിൻറെ പങ്ക് എന്തെന്നുള്ള ഒരു അന്വേഷണം.

*JANAL Archive is the Kerala Museum's digital canvas for exhibitions on the history of Kerala. Produced in Kochi, Kerala in partnership with the Geojit Foundation.*

Licensed under [Creative Commons Attribution-NonCommercial 4.0 International License (CC BY-NC 4.0)]

*JANAL Archive accessed via www.keralamuseum.org*

GEOJIT FOUNDATION

തദ്ദേശീഭാഷകളുടെ നിലനില്പിനുവേണ്ടിയുള്ള പ്രതിരോധത്തിൻറെ ചരിത്രത്തിന് വലിയ പഴക്കമുണ്ട്. പലകാലങ്ങളിൽ അത്തരം പ്രതിരോധങ്ങൾ ഇന്ത്യയിൽ സംഭവിച്ചു. മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരങ്ങൾ ഇന്നും ഇന്ത്യയിൽ സംഭവിക്കുന്നതാണല്ലോ. ലീലാതിലകമെന്നത് അത്തരമൊരു പ്രതിരോധത്തിൻറെ മധ്യകാല രേഖകൂടിയാണ്.

## എന്താണ് ലീലാതിലകം?

പതിനാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു ലക്ഷണശാസ്ത്രഗ്രന്ഥമാണ് ലീലാതിലകം. കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ താളിയോല ശേഖരത്തിൽ നിന്നാണ് പ്രസ്തുതകൃതി കണ്ടെത്തുന്നത്.  ശില്പങ്ങളായാണ് ലീലാതിലകത്തിൻറെ ഘടനം. എട്ടു ശില്പങ്ങൾ അഥവാ എട്ടു ഭാഗങ്ങളായാണ് ഇവ വിന്യസിച്ചിരിക്കുന്നത്. ലീലാതിലകത്തിൻറെ പഠനവഴികളിലൂടെ ഈ ശില്പഘടനയെ വ്യക്തമാക്കുന്നതാണ് ഉചിതം.

## ലീലാതിലക പ്രസാധനം

ഡോ. പി. വി. വേലായുധൻ പിള്ളയുടെ അഭിപ്രായത്തിൽ ലീലാതിലകത്തിൻറെ ആദ്യ പ്രസാധനം 1909-ൽ മംഗളോദയത്തിലാണ്. അപ്പൻ തമ്പുരാനാണ് ഒന്നാം ശില്പത്തെ വിവർത്തനത്തോടെ മംഗളോദയത്തിൽ പ്രസിദ്ധപ്പെടുത്തിയത്. ഈ ഉദ്യമത്തിനായി പി. വി. കൃഷ്ണവാര്യരുടെ പ്രാചീനശേഖരത്തിൽ നിന്നു ലഭിച്ച ലീലാതിലകം താളിയോല ഉപയോഗപ്പെടുത്തി. 1917-ൽ പിന്നീട് പണ്ഡിതനായ ആറ്റൂർ കൃഷ്ണപിഷാരടി ലീലാതിലകത്തെ സമ്പൂർണ തർജ്ജമയോടെ പുറത്തിറക്കി. രണ്ടാമത്തെ സമ്പൂർണ തർജ്ജമ സാധ്യമാക്കിയത് കെ. വാസുദേവൻ മൂസ്സതാണ്'' (2023;23). ഇളംകുളം കുഞ്ഞൻപിള്ളയുടെ വ്യാഖ്യാന സഹിതമുള്ള ലീലാതിലക പഠനം. ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ വ്യാഖ്യാന പഠനങ്ങളും ലീലാതിലകത്തിൻറെ ഗവേഷണ സാധ്യത ഉയർത്തി. ലീലാതിലകത്തിൻറെ ആദ്യകാല പഠനങ്ങളിൽ ചിലതാണ് 1973-ൽ പ്രൊഫ. പി. വി. കൃഷ്ണൻ നായരുടെ തർജ്ജ വ്യാഖ്യാനവും, പ്രൊഫ. ഗോപിക്കുട്ടൻ 1985-ൽ തയ്യാറാക്കിയ 'ലീലാതിലകം1 മുതൽ 3 വരെയുള്ള ശില്പങ്ങൾ'.

ദേശമംഗലം വാര്യത്തുനിന്നു ലഭിച്ച തിരുവനന്തപുരം മാനസ്ക്രിപ്റ്റ് ലൈബ്രറിയിലെ താളിയോല ഗ്രന്ഥം, കൂടലൂർ മനയ്ക്കലെ താളിയോലഗ്രന്ഥത്തെ ആസ്പദമാക്കി കൊല്ലം 1093-ൽ മദ്രാസ് മാനസ്ക്രിപ്റ്റ് ലൈബ്രറിയിൽ എഴുതിസൂക്ഷിച്ച് കടലാസ് പകർപ്പ്, 1113-ൽ (കൊല്ലവർഷം) കെ. പി. നാരായണപ്പിഷാരടി കോട്ടയ്ക്കലിലെ പി. വി. കൃഷ്ണവാര്യരുടെ ശേഖരത്തിൽ നിന്നും എഴുതി സൂക്ഷിച്ച കടലാസ് രേഖകൾ, കൃഷ്ണവാര്യരിൽ നിന്നു തന്നെ കെ. ആർ. പിഷാരടക്കി ലഭിച്ച കയ്യെഴുത്തു പ്രതി, ഇത്രയും രേഖകളെ ഉപയുക്തമാക്കിയാണ് ഇളംകുളം തൻറെ ലീലാതിലക വ്യാഖ്യാനവും പഠനവും നിർവഹിച്ചത്. ഈ സൂചനകൾ ലീലാതിലകത്തിൻറെ താളിയോലകളുടേയും ആദ്യാകാല രേഖകളുടേയും സാമാന്യ ചിത്രം നൽകുന്നതാണ്' (പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള,2016;27).

## ലീലാതിലകകാരൻ

ലീലാതിലകത്തിൽ ഗ്രന്ഥകർത്താവിനെ സംബന്ധിക്കുന്ന സൂചനകൾ പരിമിതമാണ്. ആയതുകൊണ്ടുതന്നെ ലീലാതിലകകാരനെന്നോ, ആചാര്യനെന്നോ ഗ്രന്ഥകാരനെ രേഖപ്പെടുത്തുന്ന രീതിയാണ് പൊതുവിൽ. ഗ്രന്ഥകർത്താവിനെ സംബന്ധിക്കുന്ന ഭിന്നാഭിപ്രായങ്ങളെ ക്രോഡീകരിക്കുകയാണ് ഇവിടെ.

''കോത മാർത്തണ്ഡൻ, രവിവർമ്മ ചക്രവർത്തി, വിക്രമ പാണ്ഡ്യൻ എന്നീ രാജാക്കന്മാരെ പ്രശംസിക്കുന്ന ശ്ലോകങ്ങൾ അദ്ദേഹം(ലീലാതിലകക്കാരൻ) ഉദ്ധരിക്കുന്നു, അവരെല്ലാം കൊല്ലത്തെ രാജവംശവുമായി ബന്ധമുള്ളവരാണ്. അതുകൊണ്ടു മദ്ധ്യതിരുവിതാംകൂറിൽ എവിടെയെങ്കിലുമായിരിക്കണം ഗ്രന്ഥകാരൻറെ ജന്മഭൂമി''യെന്നാണ് ഉള്ളൂർ തൻറെ കേരള സാഹിത്യ ചരിത്രത്തിൽ (ഭാഗം ഒന്ന്) അഭിപ്രായപ്പെടുന്നത് (2020;375).

“വേണാട്ടുമൂപ്പുകിട്ടിയ വീരമാർത്താണ്ഡവർമയുടെ സദസ്യനോ, സമകാലികനോ ആണ് ഗ്രന്ഥകാർത്താവെന്നു ആർ. നാരായണപ്പണിക്കരും, രവിവർമകുലശേഖരന്റെ വിദ്യത്സദസ്സിലൊരാളാണ് ലീലാതിലകം രചിച്ചതെന്നു വടക്കുംകൂറും വിശ്വസിക്കുന്നു” (ഡോ. ഷൊർണ്ണൂർ കാർത്തികേയൻ, 2001;20). ഗ്രന്ഥകർത്താവിനെ സംബന്ധിക്കുന്ന മറ്റൊരു ദീർഘാന്വേഷണം നടത്തുന്നത് ഇളംകുളമാണ്. ഇളംകുളത്തിൻറെ 1985-ൽ പ്രസിദ്ധപ്പെടുത്തിയ മണിപ്രവാള ലക്ഷണം (ഒന്നു മുതൽ മൂന്നുവരെ ശില്പങ്ങൾ) എന്ന കൃതിയുടെ പ്രധാന ആരംഭചർച്ച ഗ്രന്ഥകാരനെ സംബന്ധിച്ചാണ്. ഗ്രന്ഥകാരനാരാണെന്നതിനേക്കാൾ അയാളുടെ പാണ്ഡിത്യ നിപുണതയേ സംബിന്ധിച്ചാണ് ഇളംകുളം വാചാലനാകുന്നത്.  സൂത്രം, വൃത്തി എന്നീ രൂപങ്ങളിലൂടെയാണ് ലീലാതിലകത്തിൻറെ ആശയം വികസിക്കുന്നത്. സൂത്രരൂപത്തിൽ ആശയം അവതരിപ്പിക്കുകയും. അതിനോടുള്ള അഭിപ്രായത്തെ വൃത്തിരൂപത്തിൽ മറുപടിപറയുകയും ചെയ്യുന്ന രീതിയിലാണ് ലീലാതിലകം സാധ്യമാവുന്നത്. ഈ ഘടനയെ മുൻനിർത്തി സൂത്രകാരനും വൃത്തികാരനും രണ്ടെന്ന ചർച്ച രൂപപ്പെടുന്നുണ്ട്. ഈ വാദത്തെ ഇളംകുളം തള്ളിക്കളയുന്നു (1999;10-11).

## ലീലാതിലകഘടന

ശിലങ്ങളായാണ് ലീലാതിലകത്തിൻറെ ഘടന. അധ്യായം എന്നതിനു സമാനമായാണ് ശില്പമെന്ന പ്രയോഗിച്ചിട്ടുള്ളത്. ആകെ എട്ടുശില്പങ്ങളാണ് കൃതിയിൽ.

ഒന്നാം ശില്പം: മലയാള സാഹിത്യശാഖയിലെ പ്രധാന വഴികളിലൊന്നായ മണിപ്രവാളത്തെ ലക്ഷണം കല്പിച്ചുവ്യക്തമാക്കുന്നു ഈ ശില്പത്തിൽ. ഏതെല്ലാം കൃതികൾ മണിപ്രവാളത്തിൽ ഉൾപ്പെടുന്നു. മണിപ്രവാള ലക്ഷണത്തിൽ ഉൾപ്പെടാത്തവയേതെല്ലാം എന്നിവ ഈ ശില്പം വ്യക്തമാക്കുന്നു. പാട്ടെന്ന മലയാളസാഹിത്യശാഖയേയും ലക്ഷണം ചൊല്ലി നിർവചിക്കുന്നു.

രണ്ടാം ശില്പം: മണിപ്രവാളത്തിലെ ഭാഷാശബ്ദങ്ങളെ അഥവാ വാക്കുകളുടെ വ്യാകരണസ്വഭാവത്തെക്കുറിച്ചുള്ള ചർച്ച. മണിപ്രവാള ശബ്ദങ്ങളുടെ വിഭക്തി, സ്ത്രീ-പുരുഷ-നപുംസക ലിംഗപ്രത്യയങ്ങൾ എന്നിവ വ്യക്തമാക്കുന്നു.

മൂന്നാം ശില്പം: ഭാഷാസന്ധികളെക്കുറിച്ചുള്ള സമ്പൂർണചർച്ചയാണിത്. ലീലാതിലകകാരനുള്ളിൽ പൂർവ്വകാല വൈയാകരണൻമാരുടെ വ്യാഖ്യാനത്തെ സംബന്ധിക്കുന്ന ഗഹന വായനയുണ്ടെന്നു ഇവിടെ വ്യക്തമാകുന്നു. എന്നാൽ വീരചോഴിയംപോലുള്ള കൃതികൾ ലീലാതിലകക്കാരൻ കണ്ടിട്ടില്ലെന്നു ഈ ശില്പം മുൻനിർത്തി ഇളംകുളം നിരീക്ഷിക്കുന്നുണ്ട് (2016,93).

നാലാം ശില്പം: ദോഷലോചനമെന്നാണ് ഈ ശില്പത്തിനു നൽകിയ പേര്. കാവ്യങ്ങൾക്കു വന്നുഭവിക്കാനിടയുള്ള ദോഷങ്ങളാണ് ചർച്ച. ഇരുപത് കാവ്യദോഷങ്ങൾ ലീലാതിലകകാരൻ വ്യക്തമാക്കുന്നുണ്ടെന്ന് ഇളംകുളം (2016:108).

അഞ്ചാം ശില്പം: ഗുണനിരൂപണമെന്നു പേരുനൽകിയിട്ടുള്ള ശില്പം. ശ്ലേഷം, മാധുര്യം, പ്രസാദം, സമത എന്നിങ്ങനെ മണിപ്രവാള ഗുണങ്ങൾ നാലെന്നു പക്ഷം.

ആറാം ശില്പം: അക്ഷരവിന്യാസത്താൽ രൂപപ്പെടുന്ന ശബ്ദാലങ്കാരത്തെ സംബന്ധിക്കുന്ന ശില്പം.

ഏഴാം ശില്പം: വാക്കിൻറെ അർത്ഥത്താൽ രൂപപ്പെടുന്ന അർത്ഥാലങ്കാരത്തെ സംബന്ധിക്കുന്ന ശില്പം.

എട്ടാം ശില്പം: രസവിചാരമാണ് ഈ ശില്പം. ഭരതൻറെ നാട്യശാസ്ത്രത്തിലെ ആറും അഞ്ചും അധ്യായവും ആനന്ദവർദ്ധനന്റെ ധ്വന്യാലോകത്തേയും പിൻപറ്റുന്നതാണ് ഈ രസവിചാര ചർച്ച.

## ലീലാതിലക പഠനങ്ങൾ

കേവലം ഒരു വ്യാകരഗ്രന്ഥമെന്ന നിലയ്ക്കപ്പുറത്തേക്കു ലീലാതിലകം വികസിച്ചത് ചില പുതുവായനകളിലൂടെയാണ്. അത്തരത്തിലുള്ള ചില എണ്ണപ്പെട്ട പഠനങ്ങൾ വ്യക്തമാക്കുകയാണിവിടെ. അതിനു നാന്ദികുറിച്ചത് ഇളംകുളംകുഞ്ഞൻപിള്ളയുടേയും ശൂരനാട് കുഞ്ഞൻപിള്ളയുടേയും ചരിത്രാധിഷ്ഠിതമായ വ്യാഖ്യാനങ്ങളും പഠനങ്ങളുമാണ്. ഒരു വ്യാകരണഗ്രന്ഥമെന്നതിനപ്പുറത്തേക്കു ലീലാതിലകം വികസിക്കുന്നത് സാസ്കാരികപഠനത്തിൻറെ (Cultural Studies) രീതിശാസ്ത്ര വെളിച്ചത്തിലാണ്. ലീലാതിലകത്തെ സംബന്ധിക്കുന്ന വേറിട്ട വീക്ഷണങ്ങൾ തുറന്നതിൽ കേരളപാണിനിയായ ഏ. ആർ. രാജരാജവർമയ്ക്കും പങ്കുണ്ട്.

“ലീലാതിലകമാണ് ആദ്യമായ മലയാളവ്യാകരണം. വ്യാകരണത്തിൻറെ പ്രധാനവിഷയങ്ങളെല്ലാം അതിൽ നന്നൂലിൻറെ മട്ടിൽ രചിച്ചിട്ടുള്ള സൂത്രങ്ങളെക്കൊണ്ടു പ്രതിപാദിച്ചിരിക്കുന്നു. സൂത്രപാഠം സംസ്കൃതത്തിലായിപ്പോയല്ലോ എന്ന് ആശ്ചര്യപ്പെടാനില്ല; തെലുങ്കിലും ആദ്യമുണ്ടായ വ്യാകരണം സംസ്കൃതസൂത്രരൂപമാണ്. തമിഴിലെ നന്നൂലും തെലുങ്കിലെ ആന്ധ്രശബ്ദചിന്താമണിയും കണ്ടിട്ട് അതേരീതിയിൽ അന്ന് ‘മണിപ്രവാളം’ എന്നു പറഞ്ഞിരുന്ന മലയാളത്തിന് ഒരു വ്യാകരണം എഴുതിയതായിരിക്കണം ‘ലീലാതിലകം’ എന്നതിനു സംശയം ഇല്ല. ഈ വിലയേറിയ ഗ്രന്ഥം ഇതേവരെ വെളിപ്പെടാതെ കിടന്നതിലാണ് ആശ്ചര്യം തോന്നുന്നത്. ഏതായാലും ലീലാതിലകം കണ്ടുകിട്ടിയതോടുകൂടി അടുത്തകാലംവരെ ‘മലയാളം യാതൊരു വ്യവസ്ഥയും ഇല്ലാത്ത ഒരു നികൃഷ്ടഭാഷ ആയിരുന്നു’ എന്നും, “മലയാളത്തിന് ആദ്യമായി ഒരു വ്യാകരണം നിർമ്മിക്കുന്നതിന് ഒരു യൂറോപ്യപണ്ഡിതൻ വേണ്ടിവന്നു” എന്നും ഉള്ള അപഖ്യാതിയും അഭിമാനക്കുറവും നീങ്ങിയല്ലോ എന്നു സന്തോഷിക്കാം” (ഏ. ആർ. രാജരാജവർമ്മ,2014;52-53).

ലീലാതിലകം കേവലം വ്യാകരണമല്ലെന്നും. അത് കേരളത്തിൻറെ ഭാഷാസ്വത്വത്തെ ബലപ്പെടുത്തിയെന്നുമുള്ള ഉൾക്കാഴ്ച കേരളപാണിനിയിലുണ്ട്.

ലീലാതിലകത്തെ സംബന്ധിക്കുന്ന ഒരു ശാസ്ത്രീയ പഠനമായി എൽ. വി. രാമസ്വാമി അയ്യരുടെ ഗ്രാമർ ഇൻ ലീലാതിലകത്തെ സ്കറിയ സക്കറിയ ചൂണ്ടികാണിക്കുന്നുണ്ട്. ആനുകാലികങ്ങളിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയ ഈ പഠനം 1944-ൽ പുസ്തകമായി പുറത്തുവന്നു. “ആധുനിക ഭാഷാശാസ്ത്രത്തിൻറേയും താരതമ്യവ്യാകരണത്തിൻറേയും ലീലാതിലകത്തിനുശേഷം പണ്ഡിത ശ്രദ്ധനേടിയ ഉപാദാനങ്ങളുടെയും വെളിച്ചത്തിലാണ് എൽ. വി. രാമസ്വാമിയുടെ പഠനം” (സ്കറിയ സക്കറിയ, 2016:24).

ലീലാതിലകത്തിലെ ചില പ്രധാനപഠനങ്ങൾ തൻറെ 'ലീലാതിലകത്തിലെ മലയാളമണ്ഡലങ്ങളെന്ന' (2016), പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളയുടെ ലീലാതിലകവ്യാഖ്യാനത്തിൻറെ പുതിയ പതിപ്പിൽ കടന്നുവരുന്ന ലേഖനത്തിൽ സ്കറിയ സക്കറിയ ക്രോഡീകരിക്കുന്നുണ്ട്. "ലീലാതിലകത്തിലെ പ്രതിപാദനത്തിന് പരിമിതികൾ ഉണ്ടെന്ന് എൽ. വി. ആർ. തിരിച്ചറിഞ്ഞിരുന്നു. അതേ തിരിച്ചറിവോട്ടുകൂടിയാണ് കെ. എൻ. എഴുത്തച്ഛൻ (1970: 61-129), കെ. സുകുമാരപിള്ള (1980: 38-43), എ. ആർ. ഗോപാലപിള്ള (1985) എന്നിവരുടെ വിശദപഠനങ്ങൾ. പി. വി. വേലായുധൻ പിള്ളയും ഉണ്ണിക്കിടാവും സി. വി. വാസുദേവഭട്ടതിരിയും ലീലാതിലകസമീപനങ്ങളെ നിശിതമായി വിമർശിക്കുന്നു. ലീലാതിലകം പത്തൊമ്പതാം നൂറ്റാണ്ടിൻറെ ഉത്തരാർദ്ധത്തിലെ കൃതിയാണെന്ന പക്ഷക്കാരനാണ് ഉണ്ണിക്കിടാവ് (2001: 79-90). ഉണ്ണിക്കിടാവിന്റെ വാദമുഖങ്ങളെ എൻ. ആർ. ഗോപിനാഥപിള്ള ഖണ്ഡിക്കുന്നു (1987). ലീലാതിലകത്തിന്റെ തർജ്ജമയും വ്യാഖ്യാനങ്ങളും തയ്യാറാക്കിയ ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ പഠനം (1957) പ്രസിദ്ധമാണല്ലോ.............................. ഗോപിക്കുട്ടനും ഷൊർണൂർ കാർത്തികേയനും തയ്യാറാക്കിയ ലീലാതിലകപഠനങ്ങൾ ലീലാതിലകത്തോടൊപ്പം പ്രചാരം നേടിയിട്ടുണ്ട്. കെ. രാഘവൻപിള്ള (1989), ടി. ബി. വേണുഗോപാലപ്പണിക്കർ (1999), നടുവട്ടം ഗോപാലകൃഷ്ണൻ (1994) ഇടങ്ങിയവർ ലീലാതിലകപഠനങ്ങൾ സമ്പന്നമാക്കിയിട്ടുണ്ട്" (സ്കറിയ സക്കറിയ,2016;24).

ലീലാതിലകം ഇളംകുളം വ്യാഖ്യാനത്തിലെ തന്നെ എം. ആർ. രാഘവവാര്യരുടെ 'ലീലാതിലകത്തിൻറെ രാഷ്ട്രീയം' എന്ന പഠനം ലീലാതിലകപഠനങ്ങളിൽ പ്രധാനിയാണ്. ലീലാതിലകത്തെ ഒരു രാഷ്ട്രീയമായി ഉയർത്താനുള്ള കെല്പ് ഈ എഴുത്തിൽ തെളിയുന്നുണ്ട്.

Sheldon Pollock സംശോധനം (Edit) ചെയ്ത Literary Cultures in History (2004) എന്ന കൃതിയിലെ, Rich Freeman എഴുതിയ Genre and Society: The Literary Culture of premodern kerala എന്ന ലേഖനത്തിലെ ലീലാതിലക നിരീക്ഷണങ്ങൾ മികച്ചതാണ്. ഡോ. ദിലീപ് കുമാർ കെ.വിയുടെ 'അകകാഴ്ചകൾ മണിപ്രവാള പഠനങ്ങള്'(2021)ലെ 'ലീലാതിലകത്തിൻറെ സാംസ്കാരിക രാഷ്ട്രീയം' എന്ന ലേഖനം സമകാലിക വായനകളിൽ പ്രധാനമാണ്.

ഒരു ലക്ഷണശാസ്ത്രഗ്രന്ഥമെന്ന നിലയിൽ ധാരാളം പഴികൾ കേട്ട ലീലാതിലകം പുതിയ കാലത്ത് ചില പുതിയ വായനകൾക്ക് വിധേയമായി കൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ളവയാണ് ലീലാതിലകത്തെ ഒരു ഭാഷാപ്രതിരോധമായി കാണുന്ന പഠനങ്ങൾ.

ലക്ഷണശാസ്ത്രഗ്രന്ഥമെന്നനിലയിൽ പുതുസമീപനമൊന്നുമല്ലെങ്കിലും. ലീലാതിലകകാരൻ അഥവാ ലീലാതിലകക്കർത്താവിന്റെ ചില ചിന്തകളും സമീപനങ്ങളും വ്യത്യസ്തമായിരുന്നു. അതിൽ പ്രധാനം തദ്ദേശീയ ഭാഷയുടെ സ്വത്വത്തെ ഉറപ്പിക്കാനുള്ള ശ്രമങ്ങളാണ്. ലീലാതിലകകാരൻറെ പ്രധാനപ്പെട്ട ഒരു സംഭാവന അത് പാട്ട്, മണിപ്രവാളം എന്ന രണ്ട് സാഹിത്യശാഖകളെ നിർവചിച്ചു എന്നതാണ്.

### എന്താണ് പാട്ട്-മണിപ്രവാളം?

മലയാളസാഹിത്യത്തിലെ പ്രധാനപ്പെട്ട രണ്ട് സാഹിതീയശാഖകളാണ് പാട്ടും മണിപ്രവാളവും. പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ട് കൈവഴികളായി മധ്യകാലത്തിനുള്ളിൽ മലയാളസാഹിത്യം പിരിഞ്ഞുകഴിഞ്ഞുപോന്നുവെന്ന സൂചന ലഭിക്കുന്നത് ലീലാതിലകം കണ്ടുകിട്ടിയതു മുതലാണെന്ന കരുതാം. എട്ടുശില്പങ്ങളായുള്ള ലീലാതിലകത്തിൽ ഒന്നാമത്തെ ശില്പത്തിലാണ് മണിപ്രവാളവും പാട്ടും വ്യക്തമാകുന്നത്.

സൂത്രം ഒന്ന് "ഭാഷാസംസ്കൃതയോഗോ മണിപ്രവാളം"

-എന്നിങ്ങനെയാണ് ലീലാതിലകകാരൻ മണിപ്രവാളത്തെ നിർവചിക്കുന്നത്. ഭാഷയെന്നാൽ കേരളത്തിലെ ഭാഷ അഥവാ കേരളീയഭാഷ. കേരളഭാഷയും സംസ്കൃതവും കൂടികലർന്നു രൂപപ്പെട്ടതാണ് മണിപ്രവാളം. യോഗോ എന്നുവെച്ചാൽ ഈ കൂടിചേരലാണ്.

"തമിഴ്മണിസംസ്കൃത പവിഴം

കോക്കിൻറേ(ൻ) വൃത്തമാന ചെന്നൂന്മേൽ"

-എന്നിങ്ങനെ മണിപ്രവാള സൂത്രത്തെ വ്യക്തമാക്കുന്നു. മണിപ്രവാളത്തിൻറെ സ്വാധീനം ഇരുപതാം നൂറ്റാണ്ടിലെ കൃതികളിലും ദൃശ്യമാണ്. എങ്കിലും പന്ത്രണ്ട് മുതൽ പതിനാല് വരെയാണ് അതിൻറെ സമ്പുഷ്ടകാലം. ഈ കാലത്തെ കൃതികളായ വൈശികതന്ത്രം, ഉണ്ണുനീലിസന്ദേശം, ഉണ്ണിയച്ചീചരിതം, ഉണ്ണൂചിരുതേവീചരിതം, ഉണ്ണിയാടീചരിതം, ചന്ദ്രോത്സവം എന്നിവ മണിപ്രവാളത്തിൻറെ ലീലാതിലകനിർവചനം പിൻതുടരുന്നു. ഇവിടെ തമിഴ്മണി എന്നതുകൊണ്ട് ഈ കാലത്ത് കേരളത്തിൽ നിലനിന്ന വ്യവഹാരഭാഷ അഥവാ കേരളഭാഷ എന്നാണർത്ഥമാക്കുന്നത്. കേരളഭാഷയാകുന്ന മണികളും സംസ്കൃതമാവുന്ന പവിഴവും വൃത്തത്തിൽ ചെന്നൂലിൽ കോർത്തുണ്ടാക്കുന്നതാണ് മണിപ്രവാളം.

സൂത്രം "ദ്രമിഡസംഘാതാക്ഷര നിബന്ധമെതുക

മോന വൃത്ത വിശേഷയുക്തം പാട്ട്"

എന്നിങ്ങനെ പാട്ടിനെ ലീലാതിലകകാരൻ നിർവചിക്കുന്നു. ദ്രമിഡസംഘാതാക്ഷരത്തിൽ എഴുതപ്പെട്ടതായിരിക്കണം പാട്ട്. ദ്രാവിഡാക്ഷരങ്ങളെന്നാണ് ദ്രമിഡസംഘാതാക്ഷരമെന്നതുകൊണ്ടർത്ഥമാക്കുന്നത്. 30 അക്ഷരങ്ങളാണ് ഇവ. നിലവിലെ മലയാളത്തിലെ അക്ഷരങ്ങളുടെ എണ്ണം സംസ്കൃതത്തിന്ന്റേയും മറ്റും സ്വാധീനത്താൽ വികസിച്ചതാണ്. ദ്രാവിഡമായ അക്ഷരമാല പ്രകാരം അക്ഷര സംഖ്യമുപ്പതാണ്. അവ ചുവടെ ചേർക്കുന്നു.

"ദ്രമിഡസംഘാതോ മാതൃകാ" എന്നു മൂലം. മാതൃകാ=അക്ഷരമാല, താഴെ പറയുന്നതാണ് ദ്രമിഡ സംഘാതം.

സ്വരങ്ങൾ (ഉയിർ) 12

ഹ്രസ്വം (കുറ്റെഴുത്ത്) അ ഇ ഉ എ ഒ

ദീർഘം (നെട്ടെഴുത്ത്) ആ ഈ ഊ ഏ ഓ ഐ ഔ

വ്യഞ്ജനങ്ങൾ (മെയ്) 18

ഖരം (വല്ലെഴുത്ത്) ക ച ട ത പ റ

അനുനാസികം (മെല്ലെഴുത്ത്) ങ ഞ ണ ന മ ന

മദ്ധ്യമം (ഇടൈയെഴുത്ത്) യ ര ല വ ഴ ള

ആകെ 30

ലീലാതിലകകാലത്തുതന്നെ കന്നടവും തെലുങ്കും തിരുവായ്മൊഴിയിലെ ഭാഷയിൽനിന്നും (പാണ്ഡ്യഭാഷയിൽ നിന്ന് അഥവാ തമിഴിൽ നിന്ന്) തികച്ചും വ്യത്യസ്തമായിരുന്നു എന്നും അക്കാലത്തെ കേരളഭാഷയ്ക്ക് തിരുവായ്മൊഴിയിലെ ഭാഷയോട് അടുപ്പമുണ്ടായിരുന്നു എന്നുമാണ് ഇതിൽനിന്നു വ്യക്തമാകുന്നത്. കേരളരുടെ ഭാഷയിൽ തമിഴക്ഷരമാലയാണ് അക്കാലത്തു പ്രയോഗിച്ചിരുന്നതെന്നും തെളിയുന്നു.

ഈ മുപ്പതക്ഷരത്താൽ എതുക മോന വൃത്തത്തിൽ എഴുതപ്പെടുന്ന നിബന്ധ(പാട്ട്)ങ്ങളാണ് പാട്ടുപ്രസ്ഥാന കൃതികൾ. രാമചരിതം ഇതിനൊരുദാഹരണമാണ്. മുപ്പതക്ഷരങ്ങൾ മാത്രമായതുകൊണ്ട് പാട്ടിൽ ശിവനു ചിവനെന്നും ശ്രീരാമനു ചീരാമനെന്നും എഴുതുന്നു.

മധ്യകാലത്തിൻറെയുള്ളിൽ സംസ്കൃതമെന്നത് തദ്ദേശീയഭാഷകൾക്കു മുകളിൽ ഒരു പ്രബലശക്തിയായി സ്വാധീനം ചെലുത്തിയെന്നു പല പണ്ഡിതരും നിരീക്ഷിക്കുന്നു. ഈ സ്വാധീനം തദ്ദേശീയ ഭാഷയുടെ വൈവിധ്യത്തെ ഇല്ലാതാക്കുകയും. അവയെ സംസ്കൃതത്തിൻറെ വഴിയിലേയ്ക്കു കൊണ്ടുവരുകയും ചെയ്തു. എന്നാൽ തദ്ദേശീയ ഭാഷയ്ക്കുള്ളിൽ അതിൻറെ സ്വതന്ത്രസ്വത്വത്തെ പ്രദർശിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നു. സംസ്കൃതം മുന്നോട്ടുവെച്ച മാതൃകകൾക്കു ബദലുകൾ നിർമിക്കാനുള്ള ശ്രമങ്ങൾ തദ്ദേശീയ ഭാഷകൾകളിൽ കാണാം. തങ്ങളുടെ ഭാഷാ സ്വത്വത്തെ ഉറപ്പിച്ചു ഭാഷാഭിമാനത്തെ ഉയർത്താനുള്ള ശ്രമങ്ങളും കാണാം. ലീലാതിലകത്തിലെ കുന്തൽവാദ ചർച്ച അത്തരത്തിലൊന്നാണ്.

കുന്തൽവാദം

ഓരോനാട്ടിലും ആ നാട്ടിലെ വ്യവഹാരഭാഷ അഥവാ തദ്ദേശീയഭാഷയും സംസ്കൃതവും കലർന്ന മിശ്രരൂപങ്ങൾ നിലവിലുണ്ടായിരുന്നു. ഇങ്ങനെ തമിഴ്മണിപ്രവാളവും കന്നടമണിപ്രവാളവുമെല്ലാം രൂപപ്പെട്ടിട്ടുണ്ട്. എന്നാൽ ലീലാതിലകകാരൻ കുന്തലെന്ന പദത്തെ മുൻനിർത്തി മണിപ്രവാളമെന്ന സംജ്ഞ കേരളത്തിൻറേതുമാത്രമെന്നു വാദിക്കുന്നു. ഇങ്ങനെ കേരളത്തിൻറേതുമാത്രമായൊരു ഭാഷാസ്വത്വത്തെ അവതരിപ്പിക്കാനുള്ള വ്യഗ്രത ലീലാതിലകത്തിൽ ഉടനീളം കാണാം.

കുളിച്ചു കുന്തൽപുറയും തുവർത്തി-

കുളിർക്കനോക്കിപ്പുനരെമ്മുളാരെ

ഒരുത്തിപോനാളുധുനാമണൻമേ-

ലവൾക്കു പോലങ്ങനിയെങ്ങൾ ചേതഃ

എന്ന പദ്യത്തിലെ കുന്തലെന്ന പദം കേരളഭാഷയാണോ അതല്ല ചോളരുടെ ഭാഷാ പദമാണോ എന്നതാണ് ലീലാതിലകകാരൻറെ പ്രധാന ചോദ്യം. പ്രസ്തുതപദ്യത്തിലെ പോലങ്ങിനിയെങ്ങൾ ചേത എന്ന പ്രയോഗത്തെ മുൻനിർത്തി ഇതൊരു കേരള ഭാഷാ ശബ്ദമാണെന്നു ലീലാതിലകക്കാരൻ ഉറപ്പിക്കുന്നു.

"പോലങ്ങിനിയെങ്ങൾ ചേത"

ഇതിലെ എങ്ങൾ എന്ന പ്രയോഗം ചോളഭാഷയിലാണെങ്കിൽ എങ്കൾ എന്നായിരുന്നു വരേണ്ടിയിരുന്നത്. എങ്ങൾ എന്നത് കേരളത്തിൻറെ പ്രയോഗമാണ്. ആയതുകൊണ്ട് ഈ ശ്ലോകം കേരളഭാഷയുടേതാകുന്നു. കുന്തലെന്ന പദവും കേരളഭാഷയുടേതാകുന്നു. ഇങ്ങനെ തുടങ്ങുന്ന സംവാദം മണിപ്രവാളമെന്നത് കേരളഭാഷയുടേതു മാത്രമെന്നുറപ്പിക്കുന്നു. മറ്റുഭാഷകളിലുണ്ടാകുന്ന സംസ്കൃതസംയോഗം മണിപ്രവാളമല്ലെന്നു സ്ഥാപിക്കുന്നു. കേവലമൊരു ഭാഷ സംസ്കൃതത്തോടു ചേർന്നുണ്ടാവുന്ന മിശ്രമല്ല മണിപ്രവാളം. കേരളഭാഷ സംസ്കൃതത്തോടു ചേർന്നുണ്ടാവുന്നതുമാത്രമാണ് മണിപ്രവാളമെന്നാണ് ലീലാതിലകകാരൻറെ വാദം. ഭാഷാസംസ്കൃതയോഗമെന്നല്ല 'കേരള'ഭാഷാസംസ്കൃതയോഗോ എന്നതാണ് ലീലാതിലകകാരൻറെ മുഖ്യവാദം.

"തമിഴ്മണി ഇത്യാദിയിലെ 'തമിഴ്' കേരളഭാഷയാണ്; ചോളഭാഷയല്ല. അങ്ങനെയാണ് കണ്ടുവരുന്നത്" (ഗോപികുട്ടൻ,2017:28)-എന്നിങ്ങനെ തൻറെ പക്ഷത്തെ ലീലാതിലകകാരൻ ഉറപ്പിക്കുന്നു. ചോളഭാഷയും ആന്ധ്ര-കന്നട ഭാഷയും എന്തെന്നു വ്യക്തമാക്കിയാണ് 'കേരള'ഭാഷയുടെ സ്വത്വത്തെ കുന്തൽ വാദം സ്ഥാപിക്കുന്നത്.

"ചോള ഭാഷാ സംസ്കൃതയോഗത്താൽ മണിപ്രവാളം ഉണ്ടായിട്ടുണ്ട്. അതുപോലെ, കർണാടക ഭാഷാസംസ്കൃതയോഗത്താലും, ആന്ധ്രാഭാഷാ സംസ്കൃത യോഗത്താലും മണിപ്രവാളം ഉണ്ടാകുന്നു. എല്ലാ ഭാഷകളോടും സംസ്കൃതം ചേരുമെന്നുള്ളതുകൊണ്ട് ആ ദേശങ്ങളിലൊക്കെ മണിപ്രവാളവും ഉണ്ട്" (2017:30))- എന്ന വാദം ലീലതിലകത്തിൽ കാണാം. എന്നാൽ മണിപ്രവാളം കേരളത്തിൻറേതു മാത്രമാണെന്നതിൽ ലീലാതിലകകാരനു യാതൊരു അനക്കവുമില്ല. "മണിപ്രവാളം എന്ന പേര് കേരള ഭാഷാസംസ്കൃതയോഗത്തിനു മാത്രമായി രൂഢിയായിത്തീർന്നിരിക്കുന്നു" (2017:34)- എന്നതിൽത്തന്നെ ഉറച്ചുനിൽക്കുന്നു. "മറ്റൊരു പ്രദേശത്തിലെ ഭാഷകളും സംസ്കൃതവുമായുള്ള യോഗത്തിന് എന്തുകൊണ്ട് മണിപ്രവാളം എന്ന സംജ്ഞ നൽകിക്കൂടാ?" (2017:34) എന്ന ചോദ്യത്തെ നാൽക്കാലിയായിട്ടും കുതിരയെ എന്തുകൊണ്ട് കാളയെന്നു വിളിക്കുന്നില്ല? (2017:35) എന്ന പരിഹാസംകൊണ്ട് അവഗണിക്കുന്നു. യാതൊരുവിട്ടുവീഴ്ചയുമില്ലാതെ ഒരു ദേശാഭിമാന പ്രശ്നമായി ഈ സംവാദത്തെ ലീലാതിലകം ഉയർത്തുന്നു. മണിപ്രവാളത്തെ കേരളഭാഷയുടേതുമാത്രമായ കേരളത്തിൻറേതു മാത്രമായ ഒരു സ്വകാര്യ അഹങ്കാരമായി (Self proud)- ലീലാതിലകകാരൻ പ്രതിഷ്ഠിക്കുന്നു.

## കേരളമെന്ന "തെളിയുന്ന" അതിർത്തി

മലനാടിൻറെമാത്രമാണ് മണിപ്രവാളമെന്ന് മുദ്രണം ചെയ്യാൻ മണിപ്രവാളരചയിതാക്കൾക്ക് പ്രേരണയെന്താണ്? കേരളത്തെ മറ്റുദേശങ്ങളിൽ നിന്നു വ്യവഛേദിച്ചു കാണാനുള്ള ത്വര അതിലുണ്ട്. അതുവരെ കെട്ടുപിണഞ്ഞുകിടന്ന ചോള-ചേര-പാണ്ഡ്യഭാഷകളേക്കാൾ വ്യക്തമായ, തെളിഞ്ഞുവരുന്ന ഒരു മലയാളം പിറവി കൊള്ളുന്ന ചരിത്രഘട്ടമാണിത്. അത്തരമൊരു സാമൂഹിക സാഹചര്യത്തിനുള്ളിലാണ് ലീലാതിലകം പിറക്കുന്നതെന്നു കരുതുന്നതിൽ തെറ്റില്ല. ഭാഷാടിസ്ഥാനത്തിൽ കേരളമെന്ന വ്യക്തിത്വം രൂപപ്പെടുന്നതിൻറെ ആദ്യ അടയാളങ്ങൾ ലീലാതിലക ചർച്ചകളിലുണ്ട്. തമിഴിൽ നിന്നും തെലുങ്കിൽ നിന്നും വേറിട്ടൊരു ആധികാരികത മലനാട്ടുഭാഷയ്ക്കുണ്ടെന്നു മണിപ്രവാളം മുൻനിർത്തി ലീലാതിലകം ഉറപ്പിക്കുന്നു. തങ്ങളുടെ ഭാഷ, തങ്ങളുടെ ദേശം, തങ്ങളുടേതായ ഭാഷാസ്വത്വം എന്നൊരു പറച്ചിലിനു ലീലാതിലകകാരൻ വഴിവെട്ടുന്നു.

ഗ്രന്ഥസൂചി

ഉണ്ണിക്കിടാവ്, 2017, ചില ലീലാതിലകപ്രശ്നങ്ങൾ, ഉണ്ണിക്കിടാവ്,ചെന്നൈ.

കാർത്തികേയൻ ഷൊർണ്ണൂർ,2001, ലീലാതിലകം,Author, തൃശ്ശൂർ

കുഞ്ഞൻപിള്ള ഇളംകുളം,2016, ലീലാതിലകം(മണിപ്രവാളലക്ഷണം), സാഹിത്യപ്രവർത്തക സഹകരണം സംഘം,കോട്ടയം.

കുഞ്ഞൻപിള്ള ഇളംകുളം,1999, ലീലാതികം മണിപ്രവാള ലക്ഷണം (ഒന്നു മുതൽ മൂന്നുവരെ ശില്പങ്ങൾ), സാഹിത്യപ്രവർത്തക സഹകരണ സംഘം.

ഗോപിക്കുട്ടൻ പ്രൊഫ.,2017, ലീലാതിലകം 1മുതൽ 3 വരെയുള്ള ശില്പങ്ങൾ, ഡി.സി ബുക്ക്സ്, കോട്ടയം.

ദിലീപ് കുമാർ കെ. വി, 2021, അകക്കാഴ്ച മണിപ്രവാളപഠനങ്ങൾ, വള്ളത്തോൾ വിദ്യാപീഠം,ശുകപുരം.

രാഘവവാരിയർ എം.ആർ., 2016, ലീലാതിലകത്തിന്റെ രാഷ്ട്രീയം (ആമുഖ പഠനം ലീലാതിലകം മണിപ്രവാളലക്ഷണം), സാഹിത്യപ്രവർത്തക സഹകരണം സംഘം,കോട്ടയം.

രാജരാജവർമ്മ എ. ആർ, 2014, കേരളപാണിനീയം, ഡി സി ബുക്സ്, കോട്ടയം.

വേലായുധൻ പിള്ള പി.വി, 2023, മണിപ്രവാള കവിത, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം.

ശ്രീകുമാർ പി, 2015, ദ്രാവിഡഭാഷകളുടെ വ്യാകരണപാരമ്പര്യവും ലീലാതിലകവും, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

സ്കറിയാ സക്കറിയ ഡോ,2016, ലീലാതിലകത്തിലെ മലയാളമണ്ഡലങ്ങൾ, (ആമുഖ പഠനം ലീലാതിലകം മണിപ്രവാളലക്ഷണം), സാഹിത്യപ്രവർത്തക സഹകരണം സംഘം,കോട്ടയം.

Gopala pillai A.R, 1985, Linguistic interpretation of lilaatilakam, Dravidian Linguistic Association, Kerala

Ramaswami iyer L.V., 2014, Grammar in lilatilakam, Kerala University, Thiruvananthapuram